**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3667** **26-10-2021 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയിൽ നിലവിൽ എത്ര യാത്രാബോട്ടുകളാണ് പ്രവർത്തിക്കുന്നതെന്നും എത്ര ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി – കോട്ടപ്പുറം ജലഗതാഗത പാതയിൽ നിലിവിൽ വകുപ്പിന്റെ ഒരു ബോട്ട് സർവ്വീസ് നടത്തി വരുന്നുണ്ട്. ഈ മേഖലയിൽ മറ്റൊരു ബോട്ട് മേജർ റിപ്പയർ പൂർണ്ണമായും തീർത്ത് നീറ്റിലിറക്കുന്നതിനായി തയ്യാറെടുക്കുന്നു. |
| (ബി) | പ്രസ്തുത ജലഗതാഗതപാതയിലെ ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്, തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി – കോട്ടപ്പുറം ജലപാതയിൽ അയിറ്റി- കൊറ്റി, അയിറ്റി-പടന്ന എന്നീ സർവ്വീസുകളാണ് നടത്തി വന്നിരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രാക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രധാനപ്പെട്ട സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തി വരുന്നു. ടി മേഖലയിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ് – വലിയപറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയക്രമീകരണം നടത്തി വിനോദ സഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വിജയമായി കാണുന്നതിനാൽ കൊറ്റി-കവ്വായ്-വലിയപറമ്പ്-അയിറ്റി-പടന്ന-മാവിലാടം വരെ ടൂറിസ്റ്റ് കം പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക്ക് ബോട്ട് ഉപയോഗിക്കുന്നത് പരിഗണനയിലാണ്. പ്രകൃതി മലിനീകരണം ഒഴിവാക്കി നടത്തുന്ന ഇത്തരം സർവ്വീസുകൾ സാധാരണക്കാർക്കും വിനോദ സഞ്ചാരത്തിനായി വരുന്നവർക്കും കൂടുതൽ പ്രയോജനമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ